**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 851** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭിന്നശേഷി സെൻസസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഭിന്നശേഷിക്കാരുടെ അവകാശങ്ങളും അന്തസ്സും ഉറപ്പുവരുത്തുന്ന രീതിയിൽ 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിന്റെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആക്ട് പ്രകാരമുള്ള സംസ്ഥാന ചട്ടങ്ങൾ 2020-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാന ഉപദേശക ബോർഡ്, ജില്ലാ തല ഭിന്നശേഷി കമ്മിറ്റികൾ, സംസ്ഥാന കമ്മീഷണർ, പ്രത്യേക കോടതികൾ, പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവ ആക്റ്റ് പ്രകാരം നിയമിച്ചിട്ടുണ്ട്. ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ജില്ലാ അസസ്മെന്റ് ബോർഡുകളും ഉയർന്ന പിന്തുണ ആവശ്യമുള്ള ഭിന്നശേഷിക്കാർക്ക് സഹായങ്ങൾ നൽകുന്നതിനായി High Support Need Assessment Board രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, പരിമിത രക്ഷാകർതൃത്വം (Limited Guardianship) അനുവദിക്കുന്നതിനുള്ള അധികാരികളേയും ഭിന്നശേഷി മേഖലയിലെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള അധികാരികളേയും നിശ്ചയിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന നിധി രൂപീകരിച്ചും, ആയതിനു ഭരണസമിതി രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്. ഭിന്നശേഷിക്കാർക്കനുയോജ്യമായ തസ്തികകൾ കണ്ടെത്തി സംവരണം ഉറപ്പാക്കുന്നതിനായി എക്സ്പേർട്ട് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി RPWD Cell രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം, ഭിന്നശേഷിക്കാരുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുന്നതിനും ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി)** ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംസ്ഥാനനയം സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം സമഗ്രമായി പരിഷ്കരിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചു വരുന്നു. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റൂളുകൾ, പോളിസികൾ, മാനുവലുകൾ എന്നിവയുടെ ഭേദഗതിയും/ തയ്യാറാക്കലും സെൻറർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (CMD) സാങ്കേതിക പിന്തുണയോടെയാണ് നടപ്പിലാക്കുന്നത്. അത്തരത്തിൽ, CMD തയ്യാറാക്കിയ സംസ്ഥാന ഭിന്നശേഷി നയത്തിന്റെ കരട് NISH, KSSM, NIPMR, CMD, Commissionerate of Persons with Disabilities, സാമൂഹ്യനീതി വകുപ്പിലെ പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു കോർ ടീം പരിശോധിച്ചുവരുന്നു.

**(സി)** ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള വിവിധ സേവന വിതരണങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഭിന്നശേഷി സെൻസസ് നടപ്പാക്കുന്നതിനും ഓൺലൈൻ റജിസ്ട്രി തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**മറുപടി:** ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സേവനവിതരണങ്ങൾ കാര്യക്ഷമമാക്കുന്നതോടനുബന്ധിച്ച് 2015 വർഷത്തിൽ സാമൂഹ്യ നീതി വകുപ്പ് മുഖേന സെൻസസ് നടത്തിയിട്ടുണ്ട്. വ്യക്തിഗത പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് IKM മുഖേന സോഫ്റ്റ് വെയർ തയ്യാറാക്കി ICDS പ്രവർത്തകർ, കുടുംബശ്രീ എന്നിവരുടെ സഹയത്തോടെ ഡാറ്റാ കളക്ഷൻ, ഡാറ്റ എൻട്രി പ്രവർത്തനങ്ങൾ നടത്തിയിരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ വരുന്ന ഏജൻസികൾ നിലവിൽ അതാത് കാര്യാലയങ്ങൾ മുഖേന ഓൺലൈൻ/ഓഫ് ലൈനായാണ് സേവനങ്ങൾ നൽകിവരുന്നത്. വകുപ്പിന്റെ ഏജൻസികൾ വഴി നടപ്പിലാക്കി വരുന്ന വിവിധ സേവനങ്ങൾ, ഭിന്നശേഷിക്കാരുടെ വിവരശേഖരണം എന്നിവയ്ക്കായി ഒരു ഏകജാലക സംവിധാനം ( യൂണിഫൈഡ് പോർട്ടൽ (K-DIMS)) രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**